**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3300** **25-10-2021 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹിതരുടെ സന്താനങ്ങൾക്കുള്ള ജാതിസർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്, മാതാപിതാക്കളുടെ ജാതിയിൽ അവകാശം ഉന്നയിക്കുന്ന ജാതിയുടെ ആചാര പ്രകാരമാണോ ടിയാളുകൾ ജീവിക്കുന്നതെന്നുള്ള പ്രാദേശിക അമ്പേഷണത്തിന്റെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 20.11.2008ലെ സ.ഉ.(കൈ)109/2008/SCSTDD നമ്പർ ഉത്തരവിലും മിശ്ര വിവാഹിതരിലൊരാൾ മറ്റ് പിന്നോക്ക സമുദായത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 24.4.1979 ലെ സ.ഉ(സാധാ) 806/1979/SCSTDD നമ്പർ ഉത്തരവിലും വ്യക്തമാക്കിയിട്ടുള്ളതും ടി വ്യവസ്ഥകൾ വില്ലേജ് ഓഫീസ് മാന്വലിലെ ഖണ്ഡിക 241ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 1. അപേക്ഷകൻ ഉൾപ്പെടുന്നു എന്നവകാശപ്പെടുന്ന സമുദായം അപേക്ഷകനെ അവരിലൊരാളായി അംഗീകരിച്ചിരിക്കണം. 2. അപേക്ഷകൻ പ്രസ്തുത സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിച്ചുവരുന്നയാളായിരിക്കണം. 3. അപേക്ഷകൻ താൻ ഉൾപ്പെടുന്നു എന്ന് അവകാശപ്പെടുന്ന സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ |

| | | | |
|---|---|---|---|
| | | | പിന്നാക്കാവസ്ഥ അനുവഭവിക്കുന്ന ആളായിരിക്കണം. മിശ്രവിവാഹിതരിലൊരാൾ മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് മറ്റ് പിന്നാക്ക സമുദായത്തിന്റെ എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹതയുള്ളതാണ്. നിയമാനുസൃതം ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ദത്തെടുത്ത മാതാപിതാക്കളുടെ ജാതി നിർണ്ണയിച്ച് നൽകാവുന്നതാണ്. ജന്മം നൽകിയ മാതാപിതാക്കളെപറ്റി നിശ്ചയമില്ലാത്തതോ ബാല്യത്തിൽ തന്നെ അനാഥരാവുകയോ ചെയ്ത കുഞ്ഞുങ്ങളെ നിയമപ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തുവളർത്തുന്ന കേസുകളിൽ വളർത്തുമാതാപിതാക്കൾ ഒരേ ജാതിയിൽപ്പെട്ടവരെങ്കിൽ അവരുടെ ജാതിയും മിശ്ര വിവാഹിതരെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കുട്ടി വളർന്നു വരുന്നത് പ്രസ്തുത ജാതിയും വളർത്തു മാതാപിതാക്കൾ നിയമാനുസൃതം വിവാഹതിരായിട്ടില്ലാത്തവരെങ്കിൽ വളർത്തമ്മയുടെ ജാതിയുമാണ് കുട്ടികൾക്ക് സിദ്ധിക്കുക. മാതാപിതാക്കൾ ബന്ധം വേർപെടുത്തുകയോ വേർപിരിഞ്ഞ് താമസിക്കുകയോ ചെയ്താലും മേൽ പറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്. |
| (ബി) | വിവാഹ ബന്ധം വേർപ്പെടുത്തുകയോ വേർപിരിഞ്ഞ് താമസിക്കുകയോ ചെയ്യുന്ന മിശ്രവിവാഹിതരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ കൃത്യമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്, മാതാപിതാക്കളുടെ ജാതിയിൽ അവകാശം ഉന്നയിക്കുന്ന ജാതിയുടെ ആചാര പ്രകാരമാണോ ടിയാളുകൾ ജീവിക്കുന്നതെന്നുള്ള പ്രാദേശിക അന്വേഷണത്തിന്റെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 20.11.2008ലെ സ.ഉ.(കൈ)109/2008/SCSTDD നമ്പർ ഉത്തരവിലും മിശ്ര വിവാഹിതരിലൊരാൾ മറ്റ് പിന്നോക്ക സമുദായത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 24.4.1979 ലെ സ.ഉ(സാധാ) 806/1979/SCSTDD നമ്പർ ഉത്തരവിലും വ്യക്തമാക്കിയിട്ടുള്ളതും ടി വ്യവസ്ഥകൾ വില്ലേജ് ഓഫീസ് മാനുവലിലെ ഖണ്ഡിക 241ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 1. അപേക്ഷകൻ ഉൾപ്പെടുന്നു എന്നവകാശപ്പെടുന്ന സമുദായം അപേക്ഷകനെ അവരിലൊരാളായി അംഗീകരിച്ചിരിക്കണം. 2. അപേക്ഷകൻ പ്രസ്തുത സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിച്ചുവരുന്നയാളായിരിക്കണം. 3. അപേക്ഷകൻ താൻ ഉൾപ്പെടുന്നു എന്ന് അവകാശപ്പെടുന്ന സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ അനുവഭവിക്കുന്ന ആളായിരിക്കണം. മിശ്രവിവാഹിതരിലൊരാൾ മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് മറ്റ് പിന്നാക്ക സമുദായത്തിന്റെ എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹതയുള്ളതാണ്. നിയമാനുസൃതം ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ദത്തെടുത്ത മാതാപിതാക്കളുടെ ജാതി നിർണ്ണയിച്ച് നൽകാവുന്നതാണ്. ജന്മം നൽകിയ മാതാപിതാക്കളെപറ്റി നിശ്ചയമില്ലാത്തതോ ബാല്യത്തിൽ തന്നെ അനാഥരാവുകയോ ചെയ്ത കുഞ്ഞുങ്ങളെ നിയമപ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തുവളർത്തുന്ന കേസുകളിൽ വളർത്തുമാതാപിതാക്കൾ ഒരേ ജാതിയിൽപ്പെട്ടവരെങ്കിൽ അവരുടെ ജാതിയും മിശ്ര വിവാഹിതരെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കുട്ടി വളർന്നു വരുന്നത് പ്രസ്തുത ജാതിയും വളർത്തു മാതാപിതാക്കൾ നിയമാനുസൃതം വിവാഹതിരായിട്ടില്ലാത്തവരെങ്കിൽ വളർത്തമ്മയുടെ ജാതിയുമാണ് കുട്ടികൾക്ക് സിദ്ധിക്കുക. മാതാപിതാക്കൾ ബന്ധം വേർപെടുത്തുകയോ വേർപിരിഞ്ഞ് താമസിക്കുകയോ ചെയ്താലും മേൽ പറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്. |
| (സി) | മതപരിവർത്തനം നടത്തിയവർക്കും തിരികെ സ്വന്തം മതത്തിലേക്ക് മടങ്ങി വന്നവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (സി) | മതപരിവർത്തനം നടത്തിയവർക്കും തിരികെ സ്വന്തം മതത്തിലേക്ക് മടങ്ങി വന്നവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വില്ലേജ് മാന്വൽ ഖണ്ഡിക 242, 243 പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. ക്രിസ്തുമതത്തിലേയ്ക്ക്, മതപരിവർത്തനം നടത്തിയാലും ഹിന്ദു മതത്തിലെ പട്ടിക ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് പട്ടിക ഗോത്ര വിഭാഗ സാക്ഷ്യപത്രത്തിന് അർഹതയുണ്ട്. എന്നാൽ മതപരിവർത്തനം നടത്തിയ പട്ടികജാതി വിഭാഗക്കാർക്ക് പിന്നാക്ക സമുദായങ്ങൾക്കുള്ള ആനുകൂല്യമേ ലഭിക്കുകയുള്ളു. ഇവർ തിരികെ ഹിന്ദു മതത്തിലേക്ക് മതപരിവർത്തനം നടത്തുകയും, ഹിന്ദു മതാചാര പ്രകാരം ജീവിക്കുന്നുവെന്ന് |

| | | | |
|---|---|---|---|
| | | | അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടുകയും അയാളുടെ പിതാവ് / പൂർവ്വീകർ പട്ടിക ജാതിക്കാരനായിരിക്കുകയും, മാതൃസമുദായം അവരിലൊരാളായി വീണ്ടും അംഗീകരിക്കുകയും ചെയ്യാൽ പട്ടികജാതി ആനുകൂല്യം വീണ്ടും ലഭിക്കുന്നതാണ്. ഹിന്ദുമതത്തിലെ പിന്നാക്ക സമുദായത്തിൽ ജനിക്കുകയും, ജാതിവ്യവസ്ഥ നിലവിലില്ലാത്ത മറ്റ് ഏതെങ്കിലും മതത്തിലേക്ക് പരിവർത്തനപ്പെട്ടുകയും ചെയ്യാൽ, അപേക്ഷകന്റെ നിലവിലെ മതാചാര പ്രകാരമുള്ള സാക്ഷ്യപത്രമേ അനുവദിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ